# അക്കാദമിക മാസ്റ്റർപ്ലാൻ

2025-2026



ഒ. എൽ. എസ്. എ. ഐ.എൽ.പി.എസ് കുഞ്ഞിത്തൈ

# ഒ. എൽ. എസ്. എ. ഐ.എൽ.പി.എസ് കുഞ്ഞിത്തൈ

# അക്കാദമിക മാസ്റ്റർപ്ലാൻ

ആമുഖം.

വടക്കേകര പഞ്ചായത്തിലെ 10-ാം വാർഡിൽ പ്പെടുന്ന കുഞ്ഞിതൈ എന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന സ്ഥാപനമാണ് ***ഒ. എൽ. എസ്. എ. ഐ. എൽ. പി. എസ് കുഞ്ഞിത്തൈ സ്ക്കൂൾ*** 1950 സെൻട്രൽ ബോർഡ് ഓഫ് ആഗ്ലോ ഇന്ത്യൻ എഡ്യുക്കേഷന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചതാണ് ഈ സ്ഥാപനം ആദ്യ കാലത്ത് മലയാളം മീഡിയമായി പ്രവർത്തിച്ചിരുന്നു വെങ്കിലും 1991 മുതൽ ഈ സ്ക്കൂൾ ഇംഗ്ലീഷ് മീഡിയമായി പ്രവർത്തിക്കു വാനുള്ള അനുമതി ഗവൺമെന്റിൽ നിന്നും ലഭിക്കുകയുണ്ടായി ഇപ്പോൾ ഈ വിദ്യാലയം 80 വർഷം പിന്നിട്ടു. അൺ എയ്ഡഡ് വിദ്യാലയങ്ങളോട് കടുത്ത മത്സരം നേരിടുന്നുവെങ്കിലും പറവൂർ ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി പ്രവർത്തിച്ചു വരുന്നു.

ജീവനക്കാർ

പ്രധാന അദ്ധ്യാപിക - ഇല്ല

ടീച്ചർ ഇൻ ചാർജ്ജ് ഉൾപ്പെടെ അദ്ധ്യാപകർ -5

കുക്ക്- 1

പ്രീ പ്രൈമറി ടീച്ചർ - 3

ആയ - 1

## നിലവിലെ അവസ്ഥ

### അക്കാദമിക നേട്ടങ്ങൾ

മിക്ക വർഷങ്ങളിലും ഒന്നിലധികം കുട്ടികൾ എൽ.എസ്.എസ്. പരീക്ഷ വിജയിച്ച് സ്ക്കോളർഷിപ്പിന് അർഹരാകുന്നു. കലാകായിക- പ്രവർത്തി പരിചയ മത്സരങ്ങളിൽ ഉപജില്ലാ തലത്തിൽ സമ്മാനങ്ങൾ നേടുന്നു. ദിനാചരണവുമായി ബന്ധപ്പെട്ടു കുട്ടികൾ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നു. വായനാശീലം വളർത്തുന്നതിന് കുട്ടികൾക്ക് വായന കാർഡും വായന മൂലയും ലൈബ്രറിയിൽ നിന്ന് ബുക്കും സജ്ജീകരിച്ചിട്ടുണ്ട്. സ്വയം പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് അവസരം ഒരുക്കുന്നു. ഓരോ മാസത്തെയും അസംബ്ലി ഓരോ ക്ലാസുകാർ ഏറ്റെടുത്ത് നടത്തുന്നു. ഇതിൽ ഇംഗ്ലീഷ് വാർത്തയും, മലയാള വർത്തയും വായിപ്പിക്കുകയും കുട്ടികളുടെ കഴിവ് തെളിയിക്കുന്നതിനായി പദ്യപാരായണം, ചെറുകഥ എന്നിവ അവതരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ കുട്ടികളെ വളരെയധികം കഴിവുറ്റതാക്കുകയും ചെയ്യുന്നു. കൂടാതെ സൂംമ്പാഡാൻസും ഉൾപ്പെടുത്തിവരുന്നു. പൊതുവിഞ്ജാനം വർദ്ധിപ്പിക്കുന്നതിന് അസംബ്ലിയിൽ പൊതുവായി ചോദ്യങ്ങൾ ചോദിക്കുകയും ശരി ഉത്തരം പറയുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു. പരമാവധി കുട്ടികൾക്ക് എൽ.എസ്.എസ്. ലഭിക്കുന്നതിന് സെപ്തംബർ മാസത്തിൽ തന്നെ കുട്ടികളെ സെലക്റ്റ് ചെയ്ത് പ്രത്യേക പരിശീലനം നൽകുന്നു.

### അക്കാദമികം പരിമിതികൾ

കായിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം കൊടുത്ത് പ്രത്യേകം അദ്ധ്യാപകരെ നിയമിച്ച് കായിക രംഗത്ത് ഉന്നത വിജയങ്ങൾ നേടണം. വിദ്യാലയങ്ങളിൽ എത്തുന്ന ഓരോ കുട്ടിക്കും അതാതു ക്ലാസുകളിലെ പഠനനേട്ടങ്ങൾ പൂർണ്ണമായും കൈവരിച്ചുവെന്ന് ഉറപ്പു വരുത്തണം.

പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ പ്രത്യേക പരിഗണനകൾ നൽകി മികവിലേക്ക് എത്തിക്കണം. പാഠഭാഗങ്ങൾ എളുപ്പവും രസകരവുമാക്കണം. എൽ.എസ്.എസ് പരീക്ഷയിൽ വിജയിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കണം

(എ.) ഭൗതീക നേട്ടങ്ങൾ

2018-2019-ൽ എം.എൽ.എ. ഫണ്ടിൽ നിന്നും പാചക പുരയ്ക്കുള്ള ഫണ്ട് ലഭിക്കുകയുണ്ടായി

(ബി) ഭൗതീക പരമിതികൾ കളിസ്ഥലം കുറച്ചുകൂടി മെച്ചപ്പെടുത്തണം ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കണം. കായിക പരിശീലനത്തിന് പറ്റിയ ഗ്രൌണ്ട് ഒരുക്കുകയും കായിക ഉപകരണങ്ങൾ സജ്ജീകരിക്കുകയുംവേണം അതിനായി മികച്ച കായിക അദ്ധ്യാപകരെ നിയോഗിക്കുകയും വേണം.

ലക്ഷ്യങ്ങൾ

1. കുട്ടികളിൽ മലയാളം, ഇംഗ്ലീഷ് പുസ്തകങ്ങളും മറ്റും വായിക്കുന്നതിനായിട്ടുള്ള വായനാശീലം വർദ്ധിപ്പിക്കുക.

2. രക്ഷിതാക്കളിലും വായനാശീലം പ്രോത്സാഹിപ്പിക്കുക

3. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പ്രാവിണ്യം ലഭിക്കത്തക്ക രിതിയിൽ വായിക്കുന്നതിനും സംസാരിക്കുന്നതിനും അവരെ പ്രാപ്തരാക്കുക.

4.കുട്ടികളുടെ രചനകൾ ചേർത്ത് പതിപ്പുകൾ ഉണ്ടാക്കി പരസ്യപ്പെടുത്തുക

5. ചെറുവായനാ സാമഗ്രികൾ മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

6. പഠന യാത്രകൾ നടത്തുക

7. ഐ. സി. ടി. സഹായത്തോടെ ഇംഗ്ലീഷ് ഭാഷയിലുള്ള പുസ്തകങ്ങളും മറ്റ് രചനകളും പരിചയപ്പെടുത്തുകയും കേട്ടും വായിച്ചും ആശയഗ്രഹണത്തിന് അവസരം ഒരുക്കുകയും വേണം.

8. കുട്ടികളിൽ ഗണിത ശേഷി വികസിപ്പിക്കുകയും ഗണിതം ആസ്വാദ്യകര മാക്കുകയും ചെയ്യുക.

9. ശാസ്ത്ര അഭിരുചി വളർത്തുകയും ലഘുപരീക്ഷണങ്ങൾ നിരീക്ഷണ ങ്ങൾ എന്നിവയിലൂടെ ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കാനും ശാസ്ത്ര അവബോധം ഉണ്ടാക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക.

10. ആരോഗ്യം ശുചിത്വം തുടങ്ങിയ മേഘലകളിൽ അവബോധം ഉണ്ടാ ക്കുക.

11. സ്നേഹം, സാഹോദര്യം, അനുകമ്പ മുതലായ മൂല്യങ്ങളും മനോഭാവ ങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.

12. കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ കോർണർ പി.ടി.എ. നടത്തി അവതരിപ്പിക്കുക.

13. ടാലന്റ് പ്രവർത്ത്നങ്ങൾ നടത്തുക.

14 പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക

**ലക്ഷ്യങ്ങൾ (സാമൂഹികം)**

- PTA, MPTA ശാക്തീകരണം മാതൃകാ പരമാക്കൽ
- ഓരോ കുട്ടിയുടെയും കഴിവുകൾ തിരിച്ചറിഞ്ഞ് ആവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകുക. അതിനാവശ്യമായ റിസോഴ്സ് സമൂഹത്തിൽ നിന്നും കണ്ടെത്തി അവരുടെ സേവനം പ്രയോജനപ്പെടുത്തുക.
- ഭവന സന്ദർശനം നടത്തി കുട്ടികളുടെയും സമൂഹത്തിന്റെയും പരിമിതികൾ തിരിച്ചറിയുക.
- ആവശ്യമായ പിന്തുണ നൽകുക.

**ലക്ഷ്യങ്ങൾ (സാമൂഹികം)**

- അക്കാദമിക മികവിന് പര്യാപതമാകുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക

- പ്രകൃതിയെ പാഠം പുസ്കമാക്കുക എന്ന ലക്ഷ്യത്തോടെ ജൈവ വൈവിധ്യ പാർക്ക് സജ്ജമാക്കുക.
- എന്റെ വിദ്യാലയം എന്റെ സ്വപ്നം പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാലയമാക്കി മാറ്റുക.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ഭാഷാ ശേഷി വികസനം | പ്രീ പ്രൈമിറി സ്ക്കൂൾ ആകർഷകമാക്കുക | പൂർവ്വ വിദ്യാർത്ഥി സംഗമം |
| ഇംഗ്ലീഷ് പഠന പരിപോഷണം | കളിസ്ഥലം നവീകരിക്കുക | മികവുകൾ അവതരണം |
| ശാസ്ത്രപോഷണം | കളി ഉപകരണങ്ങൾ സജ്ജമാക്കുക | അംഗനവാടി കലോത്സവം |
| വായനാ പരിപോഷണം | ലാബ് ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക | വൃക്ഷതൈകൾ നടൽ (വീടുകളിലും സ്ക്കൂളിലും |
| എഴുത്തു കൂട്ടം | സൗകര്യപ്രദമായ ഫർണീച്ചറുകൾ സജ്ജീകരിക്കുക | ഭവന സന്ദർശനം |
| വായനാ കൂട്ടം | ഭക്ഷണ ശാല ഒരുക്കുക | സർഗ്ഗോത്സവം |
| വിദ്യാരംഗ പ്രവർത്തനങ്ങൾ | വൃത്തിയും ഭംഗിയുമുള്ള ടോയലറ്റ് സജ്ജീകരിക്കുക | പുസ്തക സമാഹരണം |
| ഭാഷാ ലാബ് | | |
| ഗണിത ലാബ് | | |
| ശാസ്ത്ര ലാബ് | | |
| പ്രവർത്തി പരിചയ പഠനം | | |

| | | |
|---|---|---|
| കലാകായിക മികവുകൾ | | |
| ദിനാചരണങ്ങൾ മികവോടെ ആചരിക്കുക | | |
| ഐ.ടി പഠനം | | |

| ക്രമ നമ്പർ | വിഷയം മേഖല | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | മലയാളം വായന | ക്ലാസ് ലൈബ്രറി, വായനാ മത്സരങ്ങൾ, വായന |
| 2 | മലയാളം ലേഖനം | രചനാ മത്സരങ്ങൾ പതിപ്പുകൾ |
| 3 | മലായളം സർഗ്ഗാത്മക പ്രകടനം | ബാലസഭ ദിനാചരണങ്ങൾ |
| 4 | ഇംഗ്ലീഷ് വായന | വായനാ പ്രവർത്തനങ്ങൾ, ഹലോ ഇംഗ്ലീഷ് പ്രവർത്തനം |
| 5 | ഇംഗ്ലീഷ് ലേഖനം | രചനകൾ, പതിപ്പുകൾ |
| 6 | ഇംഗ്ലീഷ് സർഗ്ഗാത്മകം | റോൾ പ്ലേ, സ്കിറ്റ്, രചനാ പ്രവർത്തനങ്ങൾ |
| 7 | ഗണിതം/സംഖ്യ വിഞ്ജാനം | പ്രീ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. എണ്ണൽ, സ്ഥാന വില, ആരോഹണ-അവരോഹണ ക്രമ നിലവാരം അനുസിച്ച് പ്രവർത്തന പാക്കേജ് തയ്യാറാക്കൽ |
| 8 | ഗണിതം/ സംങ്കലനം/ വ്യവകലനം/ഗുണനം/ഹരണം | പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. ഗണിത ലാബ് രൂപീകരണം |
| 9 | ഗണതാസ്വാദനം | ശ്രദ്ധ പ്രവർത്തനങ്ങൾ, തുടർപ്രവർത്തനങ്ങൾ, ഗണിത ക്വിസ്സ്, പഠനോപകരണ നിർമ്മാണം |

| | | |
|---|---|---|
| 10 | പരിസര പഠനം | പഠന നിലവാരം കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. |
| 11 | നിരീക്ഷണം | പ്രകൃതി നിരീക്ഷണത്തിന് കൂടുതൽ അവസരങ്ങൾ, ഐ.ടി. സാദ്ധ്യതകൾ ഉപയോഗിക്കുന്നു. |
| 12 | പരീക്ഷണങ്ങൾ | പരീക്ഷണത്തിലൂടെ അറിവ് നിർമ്മാണം ശാസ്ത്ര പ്രദർശനം |
| 13 | പൊതുവിജ്ഞാനം | വിവധ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്വിസ്സ്, വിവരശേഖരണം |
| 14 | പ്രവർത്തി പരിചയം | പ്രവർത്തി പരിചയവുമായി ബന്ധപ്പെട്ട വിവധ പ്രവർത്തനങ്ങൾ പ്രവർത്തന തലത്തിൽ ചെയ്യുന്നു. പ്രദർശനം നട ത്തുന്നു. |
| 15 | വിദ്യാരംഗം | ടാലന്റ് ലാബ് രൂപീകരണം ഓരോ ക്ലാസിലെയും പാഠഭാഗങ്ങൾ, ദിനാചര ണങ്ങൾ വിദ്യാരംഗ പ്രവർത്തനങ്ങളു മായി ബന്ധപ്പെടുത്തി |
| 16 | കായികം | ഓട്ടം, ചാട്ടം എന്നിവയിൽ പരിശീലനം നൽകുന്നു. |
| 17 | സംഗീതം | സംഗീത ക്ലാസുകൾ സംഘടിപ്പിക്കുന്നു. |
| 18 | കലാപഠനം | ചിത്ര രചന |
| 19 | ആരോഗ്യ ക്ലബ്ബ് | ആരോഗ്യപരിശോധന, ക്ലാസ് ശുചിത്വം |

<u>പ്രതീക്ഷിത നേട്ടങ്ങൾ</u>

- ശിശു സൗഹൃദപരമായ അന്താരാഷ്ട്ര നിലവാരമുള്ള പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്ക്കൂളുകളും സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുന്നു.

<u>മോണറ്ററിംഗ് രീതി</u>

- പി.ടി.എ., എസ്. ആർ.ജി. പഞ്ചായത്ത് തലം എന്നിവയെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.